സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.13006/14/SAB**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
22/07/ 2016

## പമ്പയിൽ കെട്ട് നിറയ്ക്കുന്നതിനാവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കുള്ള ഇ-ടെൻഡർ പരസ്യം,

കൊല്ലവർഷം 1192 വൃശ്ചികം 1 മുതൽ 1193 തുലാം 30 വരെയുള്ള കാലയളവിലേയ്ക്ക് പമ്പ ദേവസ്വത്തിൽ അയ്യപ്പഭക്തർക്ക് കെട്ട് നിറയ്ക്കുന്നതി നാവശ്യമായ സാധനങ്ങൾ സപ്ളെ ചെയ്യുന്നതിന് ഇ-ടെൻഡർ ക്ഷണിക്കുന്നു, ടെൻഡർ ഓൺലൈൻ ആയി 04-08-2016 രാവിലെ 11 മണിക്കു മുമ്പായി **www.etenderskerala.gov.in** മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. ടെൻഡർ 09-08-2016 രാവിലെ 11 മണിക്ക് തിരുവനന്തപുരത്തുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ വച്ച് പരിശോധിക്കുന്നതാണ്.

കരാറുകാരൻ ലഭ്യമാക്കേണ്ട സാധനങ്ങളുടെ അളവ് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിന് ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതും, അതനുസരിച്ച് ദേവസ്വം ബോർഡ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പ്രകാരം സപ്ളെ ചെയ്യുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ടെൻഡറിനൊപ്പം 25,000/- രൂപയുടെ ഇ.എം.ഡി ഓൺലൈൻ ആയി ഹാജരാക്കേണ്ടതാണ്.

ചുവടെ വിവരിക്കുന്ന സാധനങ്ങൾ ഉദ്ദേശ അളവ് ആവശ്യാനുസരണം ഒരു വർഷത്തേയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സാധനങ്ങൾ പായ്ക്കറ്റുകളി ലാക്കിയാണ് പമ്പ സ്റ്റോറിൽ ലഭ്യമാക്കേണ്ടത് . യാതൊരു കാരണവശാലും പ്ളാസ്റ്റിക്ക് സാധനങ്ങൾ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല. കെട്ട് നിറയ്ക്കായി സപ്ളെ ചെയ്യുന്ന നെയ്യ് ഭക്ഷ്യാസുരക്ഷാമാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടുള്ളതായിരിക്കണം ,**A-1/S.K.C/ Milma** എന്നീ കമ്പനികളുടെ അമ്മാർക്ക് നെയ്യ് മാത്രമേ സപ്ലൈ ചെയ്യുവാൻ പാടുള്ളൂ. പമ്പാ ദേവസ്വത്തിൽ കെട്ട് നിറയ്ക്ക് ആവശ്യമായ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നംപർ | ഐറ്റം | എണ്ണം/അളവ് | റിമാർക്സ് |
|---|---|---|---|
| 1 | ഇരുമുടി സഞ്ചി | 72,000 എണ്ണം | ഇരുമുടി സഞ്ചി ഒന്ന്, നെയ്യ് 100 മില്ലിലിറ്റർ,മലർ 50 ഗ്രാം, മഞ്ഞൾപ്പൊടി 10-ഗ്രാം ഉണക്കലരി 300 ഗ്രാം, കോർക്ക് ഒന്ന് കർപ്പൂരം 5 ഗ്രാമിന്റെ ഒരു പാക്കറ്റ് എന്നിവ |
| 2 | ചെറിയസഞ്ചി | 72,000 എണ്ണം | |
| 3 | നാളികേരം(200ഗ്രാം വീതമുള്ളത്) (100 മില്ലി ലിറ്റർ നെയ്യ് നിറയ്ക്കുവാൻ കഴിയുന്നത്) | 2,16,000 എണ്ണം | |
| 4 | നെയ്യ് | 72,000 ലിറ്റർ | |
| 5 | മലർ | 3,600 കി.ഗ്രാം | |
| 6 | മഞ്ഞൾപ്പൊടി | 720 കി.ഗ്രാം | |

| | | | |
|---|---|---|---|
| 7 | ഉണക്കലരി | 21,600 കി.ഗ്രാം | ഒരു കിറ്റിലാക്കിവേണം സപ്ലൈ ചെയ്യുവാൻ. |
| 8 | കോർക്ക് | 72,000 എണ്ണം | |
| 9 | കർപ്പൂരം | 72,000 എണ്ണം (5 ഗ്രാമിന്റെ ഒരു പായ്ക്കറ്റ് | |
| 10 | വാക്സ്(50 ഗ്രാം അളവിൽ) | 60,000 എണ്ണം | |

ഇരുമുടി സഞ്ചി ഒന്ന്, ചെറിയ സഞ്ചി ഒന്ന്, നെയ്യ് 100 മില്ലിലിറ്റർ, മലർ 50 ഗ്രാം, മഞ്ഞൾപ്പൊടി 10-ഗ്രാം, ഉണക്കലരി 300 ഗ്രാം, കോർക്ക് ഒന്ന്, കർപ്പൂരം 5 ഗ്രാമിന്റെ ഒരു പാക്കറ്റ് എന്നിവയാണ് ഒരു കെട്ടുനിറയ്ക്ക് ആവശ്യമായ സാധനങ്ങൾ.ഒരു കെട്ടുനിറയ്ക്ക് ഡിപ്പാർട്ട്മെന്റിൽ നിന്നും നല്കേണ്ട തുക എന്ന ക്രമമാണ് തുക ക്വോട്ട് ചെയ്യേണ്ടത്.

മേൽ വിവരിച്ചതിൽ 2000 നാളികേരവും മറ്റ് ഐറ്റങ്ങളുടെ 1/4 അളവും 2016 നവംബർ 10 ന് മുമ്പായി പമ്പ സ്റ്റോറിൽ എത്തിക്കേണ്ടതാണ്. ബാക്കി അളവ് എക്സിക്യൂട്ടീവ് ആഫീസറുടെ നിർദേശാനുസരണം ഉടമ്പടി കാലാവധിക്കകം സപ്ളെ ചെയ്യേണ്ടതാണ്. കുത്തക ലഭിക്കുന്നവർ അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ഒരു ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി ഹാജരാക്കി എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കായി ഈ ആഫീസിലോ (0471-2314288) ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ആഫീസിലോ (04735-202026) ബന്ധപ്പെടേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

**N.B.** ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി 06-08-2016 വരെ ദീർഘിപ്പിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.